# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4053 03.02.2014 - ൽ മറുപടിയ്ക്ക്

## മൊബൈൽ ദന്തൽ ക്ലിനിക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബഹനാൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. കെ. ശിവദാസൻ നായർ | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മൊബൈൽ ദന്തൽ ക്ലിനിക്കുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം ദന്തൽ കോളേജുകളോടനുബന്ധിച്ച് മൊബൈൽ ദന്തൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ക്ലിനിക്കുകൾ മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) പ്രാഥമിക പരിശോധന, രോഗ നിർണ്ണയം, പ്രാഥമിക ചികിത്സ എന്നിവ പ്രസ്തുത ക്ലിനിക്കുകളിലൂടെ പ്രാദേശിക തലത്തിൽ ലഭ്യമാകും |
| (സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രസ്തുത ക്ലിനിക്കുകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം സർക്കാർ ദന്തൽ കോളേജുകളോടനുബന്ധിച്ച് മൊബൈൽ ദന്തൽ ക്ലിനിക്ക് ആരംഭിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തിയ വാഹനവും വൈദഗ്ധ്യമുള്ള ജീവനക്കാരേയും ലഭ്യമാക്കുന്നതാണ് പ്രസ്തുത പദ്ധതി |
| (ഡി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) പ്രാദേശികതലത്തിൽ സാമൂഹിക സാംസ്കാരിക സംഘടനകളും റസിഡൻസ് അസോസിയേഷനുകളും ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ